ഈ പദ്ധതി പ്രകാരം സ്വയം തൊഴിൽ വായ്പയ്ക്കായി അപേക്ഷിച്ച 19690 അപേക്ഷകരേയും സ്ക്രീനിംഗിന് വിളിക്കുകയും അതിൽ ഹാജരായ 7194 അപേക്ഷകരിൽ 6751 പേരെ വായ്പയ്ക്ക് അർഹരായി കണ്ടെത്തുകയും ബാങ്കിന്റെ നിബന്ധനയ്ക്ക് വിധേയമായി വായ്പ അനുവദിക്കാൻ ബാങ്കിലേക്ക് ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതിൻ പ്രകാരം ബാങ്ക് വായ്പ 605 പേർ എടുത്തതായി ബാങ്ക് അറിയിച്ചിട്ടുണ്ട്. മറ്റ് അപേക്ഷകളിന്മേൽ ബാങ്കുകൾ തുടർനടപടി സ്വീകരിച്ചു വരുന്നു. ഇതിനകം വായ്പ എടുത്തിട്ടുള്ള 418 പേരുടെ സബ്സിഡി തുകയായ 4.08 കോടി രൂപ നോർക്ക-റൂട്ട്സിൽനിന്നും അതാതു ബാങ്കുകളിലേക്ക് മാറ്റിയിട്ടുണ്ട്. (വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.)*

തിരിച്ചെത്തിയ പ്രവാസികൾക്കായി പുനരധിവാസ പദ്ധതികൾ

117 (3085) ശ്രീ. എം. എ. ബേബി :
ശ്രീ. എളമരം കരീം :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിതാഖത്ത് നിയമത്തെ തുടർന്ന് സൗദി അറേബ്യയിൽനിന്നും തിരിച്ചെത്തിയ പ്രവാസികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തിരിച്ചെത്തിയ പ്രവാസികൾക്കായി സർക്കാർ പ്രഖ്യാപിച്ച പുനരധിവാസ പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(സി) ആഗോള പ്രവാസി മലയാളി സംഗമത്തിൽ ഇവരുടെ പ്രശ്നങ്ങളെ സംബന്ധിച്ച് എന്തെങ്കിലും ചർച്ച നടത്തിയിരുന്നുവോ ; വിശദമാക്കാമോ ;

(ഡി) സംസ്ഥാനത്തേക്ക് ഇത്തരത്തിൽ തിരിച്ചെത്തിയവരുടെ കണക്കുകൾ ലഭ്യമാണോ ;

(ഇ) ഇതിൽ പുനരധിവാസ പാക്കേജ് പ്രകാരം സഹായം ലഭിച്ചവരുടെ കണക്കുകൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവത്ക്കരണം, സൗദി അറേബ്യയിലെ നിതാഖത്ത് നിയമം തുടങ്ങിയവമൂലം വിദേശ രാജ്യങ്ങളിൽനിന്ന് തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തുന്ന പ്രവാസി മലയാളികൾക്ക് സുസ്ഥിര വരുമാനം കണ്ടെത്തുവാൻ സഹായിക്കുക എന്ന ഉദ്ദേശ്യത്തോടെ നോർക്ക വകുപ്പ് പുനരധിവാസ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. ചുരുങ്ങിയത് രണ്ടു വർഷം വിദേശത്ത് താമസിക്കുകയോ ജോലി ചെയ്യുകയോ ചെയ്തതിനുശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയേയും ആണ് പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നത്. നോർക്ക റൂട്ട്സും കനറാ ബാങ്ക്/യൂണിയൻ ബാങ്കുമായി ഒപ്പു വയ്ക്കപ്പെട്ട ധാരണാ പത്ര പ്രകാരം റിസർവ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി പലിശ ഇളവു നൽകിയാണ് ബാങ്കുകൾ വായ്പ നൽകുന്നത്. പ്രസ്തുത വായ്പ തവണകളിൽ മുടക്കം വരാതെ തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് പദ്ധതി തുകയുടെ 15% ബാക്ക് എൻഡ് സബ്സിഡിയായി നൽകുന്നുണ്ട്. പലിശ നിരക്കിൽ ആദ്യത്തെ നാലു വർഷം 3% പലിശ ഇളവും സർക്കാർ നൽകുന്നതായിരിക്കും.

നിതാഖത്തുമൂലം തിരികെ വന്ന വിവിധ എയർപ്പോർട്ടുകളിലെ ഹെൽപ് ഡെസ്കിലും ഓൺലൈനായും രജിസ്റ്റർ ചെയ്തിരുന്ന 22634 പേരോട് അവരുടെ വിശദ വിവരങ്ങൾ അപ് ഡേറ്റ് ചെയ്യാൻ നിർദ്ദേശം നൽകിയിരുന്നു. ഇങ്ങനെ അപ്ഡേറ്റ് ചെയ്ത 5783 പേരെ കൂടിക്കാഴ്ചയ്ക്ക് ക്ഷണിക്കുകയും അതിൽ നിന്ന് ഹാജരായ 2049 പേരെ നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതി പ്രകാരം സ്വയംതൊഴിൽ വായ്പ അനുവദിക്കുന്നതായി തെരഞ്ഞെടുത്ത് വിവിധ ബാങ്കുകൾക്ക് ശിപാർശക്കത്ത് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ പേർക്ക് വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.

(സി) നിതാഖത്തുമൂലം തിരികെയെത്തിയവരുടെ പ്രശ്നങ്ങൾ 2015 ജനുവരി മാസം 16-17 തീയതികളിൽ നടന്ന ആഗോള പ്രവാസി മലയാളി സംഗമത്തിൽ ചർച്ച ചെയ്യുകയും ഇവർക്കായി സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) നോർക്ക-റൂട്ട്സിൽ 2013 ഏപ്രിലിൽ ഏർപ്പെടുത്തിയ രജിസ്ട്രേഷൻ വഴി ലഭിച്ച വിവര പ്രകാരം വിദേശത്ത് നിന്ന് വിവിധ കാരണങ്ങളാൽ തിരികെ യെത്തിയവർ 25835 പേരാണ്.

(ഇ) ഇപ്രകാരം തിരികെയെത്തിയവർക്ക് നോർക്ക വകുപ്പിന്റെ നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പകൾ നൽകുന്നതിനാണ് നിലവിൽ തീരുമാനിച്ചിട്ടുള്ളത്. നോർക്ക വകുപ്പിന്റെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പകൾ നൽകുന്നതിന് രജിസ്റ്റർ ചെയ്തവരുടെ വിവരശേഖരണം നടത്തുകയുണ്ടായി. അപ്രകാരം വിവരങ്ങൾ നൽകിയവരുടെ സ്ക്രീനിംഗ് നടത്തിക്കഴിഞ്ഞു. നിലവിൽ സ്ക്രീനിംഗ് പൂർത്തിയാക്കിയവരുടെ വായ്പകൾക്കായുള്ള ശിപാർശ കത്തുകൾ ബാങ്കിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly